**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 155** **05-02-2026 - ൽ മറുപടിയ്ക്ക്**

**കേരള നോളജ് ഇക്കോണമി മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ച തോതിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് കേരള നോളജ് ഇക്കോണമി മിഷന് (കെ.കെ.ഇ.എം.)കഴിയുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വർദ്ധിച്ച തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള നോളജ് ഇക്കോണമി മിഷന്റെ (KKEM) സമഗ്രമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുള്ളത്. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ വിജയകരമായി നടന്നുവരുന്നു. കേരള നോളജ് ഇക്കോണമി മിഷനും വിജ്ഞാന കേരളം ക്യാമ്പയിനുമായി ചേർന്ന് 30-01-2026 വരെ 40,80,114 തൊഴിലവസരങ്ങൾഏകോപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | വ്യത്യസ്ത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് രജിസ്റ്റർ ചെയ്യുന്നതിനായി ഒരു ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം കെ-ഡിസ്കിന്റെയും ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെയും നേതൃത്വത്തിൽ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഭാവിയിലെ തൊഴിൽ സാധ്യതകൾ മുന്നിൽ കണ്ട് തൊഴിലന്വേഷകരുടെ രജിസ്ട്രേഷൻ, നൈപുണ്യ പരിശീലനം, തൊഴിൽദാതാക്കളുമായുള്ള സമ്പർക്കം എന്നിവ ലക്ഷ്യമിട്ട് കെ-ഡിസ്കിന്റെ നേതൃത്വത്തിൽ, ഡിജിറ്റൽ യൂണിവേഴ്സിറ്റിയും സ്റ്റാർട്ടപ്പ് സംരംഭങ്ങളുമായി ചേർന്ന് ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുണ്ട്.<br><br>ഐടിഐ, ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദം, ബിരുദം, ബിരുദാനന്തര ബിരുദം, ആരോഗ്യ മേഖലയിലെ യോഗ്യത എന്നിങ്ങനെ യോഗ്യതകളുടെ അടിസ്ഥാനത്തിൽ റിക്രൂട്ട്-ട്രെയിൻ-ഡിപ്ലോയ് (RTD), ഇന്റേൺഷിപ്, അപ്രന്റിസ്ഷിപ് തുടങ്ങി പ്രാദേശികം, ദേശീയം, അന്തർദേശീയം എന്നിങ്ങനെ തൊഴിലവസരങ്ങൾക്ക് അപേക്ഷിക്കാൻ കഴിയും. |
| (സി) | പങ്കാളിത്ത സംഘടനകളുമായി ചേർന്ന് ഇതുവരെ എത്രപേർക്ക് തൊഴിൽ നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) | ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം പ്ലാറ്റ്ഫോമിലൂടെ നേരിട്ട് ഇതുവരെ 1,64,107 പേർക്ക് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ, കെ-ഡിസ്കുമായി പങ്കാളിത്തമുള്ള സ്ഥാപനങ്ങളുമായി |

| | | | |
|---|---|---|---|
| | | | ചേർന്ന് 87,994 പേർക്ക് കൂടി തൊഴിൽ നൽകുവാനും കഴിഞ്ഞിട്ടുണ്ട്. അത്തരത്തിൽ ആകെ 2,52,101 പേർക്ക് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | കേരളത്തെ ഒരു നോളജ് സൊസൈറ്റിയായി വിഭാവനം ചെയ്തുകൊണ്ട് ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം ഒരുക്കുന്നതിന് കെ.കെ.ഇ.എം.ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ? | (ഡി) | കേരള നോളജ് ഇക്കോണമി മിഷന്റെ (KKEM) പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കുന്നതിനായി "വിജ്ഞാന കേരളം" ജനകീയ ക്യാമ്പയിൻ നടപ്പിലാക്കി വരുന്നു.<br><br>ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും, സന്നദ്ധ സംഘടനകളെയും പങ്കാളിയാക്കി ജോബ് സ്റ്റേഷനുകളും ജോബ് ഫെസിലിറ്റേഷൻ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്.<br><br>SDPK (Skill Delivery Platform Kerala) നെറ്റ്‌വർക്ക് വഴി വെർച്വൽ, ഹൈപ്പർലോക്കൽ തൊഴിൽമേളകൾ സംഘടിപ്പിക്കുകയും, Back to Campus പദ്ധതിയിലൂടെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ക്യാമ്പസ് സ്കില്ലിംഗ് നടപ്പാക്കുകയും ചെയ്തു വരുന്നു. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് (CII), SAIK (Society of AVGC Institutions in Kerala), ACFI (Air Cargo Forum India) തുടങ്ങിയ വ്യവസായ സംഘടനകളുമായി ചേർന്ന് തൊഴിൽ അവസരങ്ങൾ ഏകോപിപ്പിക്കുന്നു. NORKA യുമായി സഹകരിച്ച് യൂറോപ്പ്, ജപ്പാൻ തുടങ്ങിയ മേഖലകളിലേക്കുള്ള വിദേശ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നുണ്ട്. റിക്രൂട്ട്- ട്രെയിൻ-ഡിപ്ലോയ് (RTD) മാതൃകയിൽ സർവകലാശാലകളും അക്കാദമിക സ്ഥാപനങ്ങളുമായി ചേർന്ന് ഗുണമേന്മയുള്ള തൊഴിൽ ഉറപ്പാക്കുകയും, Work Near Home സൗകര്യം വ്യാപിപ്പിക്കുകയും ചെയ്തുവരുന്നു. ഭാവിയിലെ തൊഴിൽ പ്രവണതകൾ കണക്കിലെടുത്ത്, Global Capacity Centres (GCC) മേഖലയിലേക്കുള്ള അവസരങ്ങൾ ലക്ഷ്യമിട്ട് Higher Order Thinking Skills അടങ്ങിയ ശേഷിവികസന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ